## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 3471 16.12.2015 ൽ മറുപടിക്ക്.

### ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ : | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) അഗതികളും അശരണരും ആയ കുട്ടികളുടെ പുനരധിവാസത്തിനായി ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. ഔവർ റെസ്പോൺ സിബിലിറ്റി ടു ചിൽഡ്രൻ എന്ന പദ്ധതിയുടെ ഗുണഭോക്താക്കൾ അഗതികളും അശരണരും മാത്രമല്ല സ്വഭാവ വ്യതിയാനങ്ങൾക്ക് അടിമപ്പെട്ട കുട്ടികളോ അഥവാ അടിമപ്പെടാൻ സാധ്യതയുള്ള കുട്ടികളോ കൂടി ആണ്. ഇങ്ങനെയുള്ള കുട്ടികൾക്ക് ശരിയായ രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്ന പദ്ധതിയാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ അഥവാ ഓ. ആർ. സി.<br><br>കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും നേതൃത്വം നൽകാൻ ഉത്തരവാദിത്വപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, ആഭ്യന്തരം തുടങ്ങിയ വകുപ്പുകളും സർക്കാരിതര പ്രസ്ഥാനങ്ങൾ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവർ ഒന്നിച്ച് ഒത്തൊരുമയോടെ കൈകോർത്തുകൊണ്ട് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ നേതൃത്വത്തിൽ ഇത് നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) 1) സമൂഹത്തിൽ സർക്കാർ, സർക്കാർ ഇതര മേഖലയിൽ കുട്ടികളുടെ വ്യക്തിവികാസത്തിനും സംരക്ഷണത്തിനും നിലകൊള്ളുന്ന വിവിധ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനത്തിന്റെ ഏകോപനത്തിന് സാഹചര്യമൊരുക്കുക.<br><br>2) കുട്ടികളോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിൽ രക്ഷിതാക്കളെയും അദ്ധ്യാപകരേയും സമൂഹത്തെയും പ്രാപ്തിപ്പെടുത്തുന്നതിനും ബോധവത്ക്കരിക്കുന്നതിനും ആവശ്യമായ നേതൃത്വം നൽകുക.<br><br>3)അനാരോഗ്യകരമായ സ്വഭാവ ദൂഷ്യങ്ങളിലേയ്ക്ക് നയിക്കപ്പെടാവുന്ന സാഹചര്യങ്ങളിൽനിന്നും കുട്ടികളെ ഫലപ്രദമായി സംരക്ഷിക്കുക.<br><br>4) ആശാസ്യകരമല്ലാത്ത സ്വഭാവ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുള്ള കുട്ടികളെ കണ്ടെത്തി അവരെ കൗൺസിലിംഗ്, മെന്ററിംഗ്, വിദഗ്ധ പരിചരണം, സർഗ്ഗാത്മകവും ഗുണകരവുമായ പ്രവർത്തനത്തിലേയ്ക്കുള്ള തിരിച്ചുവിടൽ എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക. |
| (സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ; വ്യക്തമാക്കുമോ ? | (സി) 2010-ൽ കോഴിക്കോട് പ്രവർത്തനമാരംഭിച്ച ഓ. ആർ. സി പദ്ധതി തൃശ്ശൂർ ജില്ലയിലേയ്ക്ക് വ്യാപിപ്പിക്കുകയുണ്ടായി. 2013 ൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ഏറ്റെടുത്ത ഓ. ആർ. സി പദ്ധതി കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിനുവേണ്ടി കുട്ടികളുടെ സംരക്ഷണത്തിനായി പ്രവർത്തിയ്ക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുമായി സംയോജിപ്പിച്ച് പ്രവർത്തിയ്ക്കുന്നതിന് തീരുമാനമാകുകയും വിപുലമായ |

പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

1)അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (സാമൂഹ്യനീതിവകുപ്പ്) അദ്ധ്യക്ഷതയിൽ, സെക്രട്ടറി (സാമൂഹ്യനീതി വകുപ്പ്), സെക്രട്ടറി (ധനകാര്യവകുപ്പ്), ലേബർ കമ്മീഷണർ, സ്റ്റേറ്റ് നോഡൽ ഓഫീസർ, ORC, UNICEF സ്റ്റേറ്റ് ചീഫ്, ഡയറക്ടർ ഹെൽത്ത് സർവ്വീസസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, KSSM തുടങ്ങിയവർ മെമ്പർമാരായ സമിതി മാസംതോറും ORC പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു.

2) ORC പദ്ധതിയ്ക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന ചീഫ് മെന്ററായി ശ്രീ. ജേക്കബ് പുന്നൂസ് IPS (റിട്ട.) നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറായി ശ്രീ. പി. വിജയൻ IPS പ്രവർത്തിച്ചു വരുന്നു. കൂടാതെ അഡീഷണൽ നോഡൽ ഓഫീസർമാരും സംസ്ഥാന വർക്കിംഗ് കമ്മിറ്റിയും പദ്ധതിയുടെ നടത്തിപ്പിന് ശക്തിപകരുന്നു.

3) ORC പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുക സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

4) ORC പദ്ധതി കാര്യക്ഷമമാക്കുന്നതിന് SIEMAT, SCERT, IMG, SIET, IT@ School, DIET തുടങ്ങിയ സംവിധാനങ്ങളുടെ കൂടി പിൻതുണ ലഭിക്കുന്നുണ്ട്.

5) ജില്ലാ കളക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം), ജില്ലാ പോലീസ് മേധാവി, ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥർ അടങ്ങിയ ജില്ലാതല സമിതി ORC പദ്ധതിയുടെ ജില്ലാ - സ്കൂൾ തല പ്രവർത്തനങ്ങൾ മാസംതോറും വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

6) ജില്ലാ തല പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനുവേണ്ടി ഓഫീസുകൾ സജ്ജമാക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

7) ORC പദ്ധതിയുടെ പരിശീലന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും ആവശ്യാനുസരണം കുട്ടികൾക്ക് വിദഗ്ധ പരിചരണം ലഭ്യമാക്കുന്നതിനും കൗൺസിലിംഗ്, ടെലിഫെസിലിറ്റി, കോൺഫറൻസിംഗ് തുടങ്ങി വിപുലമായ സംവിധാ നങ്ങളോടെ ജില്ലകളിൽ ORC റിസോഴ്സ് സെന്റർ പ്രവർത്തന സജ്ജമായി വരുന്നു.

8) കഴിഞ്ഞ വർഷങ്ങളിൽ ORC പദ്ധതി ആരംഭിച്ച കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ 10 സ്കൂളുകൾ വീതവും കൊല്ലം - 7, ആലപ്പുഴ – 5, ഇടുക്കി - 5, പത്തനംതിട്ട – 5, കോട്ടയം - 5, മലപ്പുറം - 5, പാലക്കാട് - 5, വയനാട് - 5, കണ്ണൂർ - 5, കാസർഗോഡ് - 5 വീതവും സ്കൂളുകൾ തെരഞ്ഞെടുത്തിട്ടുണ്ട്.

9) അദ്ധ്യാപകരെയും മറ്റും പരിശീലിപ്പിക്കുന്നതിന് ആവശ്യമായ പരിശീലകരെ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10) തെരഞ്ഞെടുക്കപ്പെട്ട ഓ. ആർ.സി സ്കൂളുകളിലെ മുഴുവൻ നോഡൽ ടീച്ചർമാർക്കും ജില്ലാ തല റിസോഴ്സ് പേഴ്സണുമുള്ള ദ്വിദിന പരിശീലന പരിപാടി നടത്തിയിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ മുഴുവൻ സ്കൂൾ തലവൻമാർക്കും SIEMAT കേരളയുടെ സഹായത്തോടെ ശില്പശാല സംഘടിപ്പിച്ചു.

12) തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ സ്കൂളുകളിലെ അദ്ധ്യാപകർക്കും സ്കൂൾ കൗൺസിലർമാർക്കും സ്കൂൾ ഹെൽത്ത് നഴ്സസിനും പിടിഎ ഭാരവാഹികൾക്കും വേണ്ടിയുള്ള ദ്വിദിന പരിശീലന പരിപാടി ജില്ലാതലത്തിൽ നടന്നുവരുന്നു.

13) കുട്ടികളെ അറിയുക എന്നതിന്റെ ഭാഗമായി വികസിപ്പിച്ചെടുത്ത Strength and Difficulty Questionnaire (SDQ) കുട്ടികൾക്കും രക്ഷാകർത്താ ക്കൾക്കും നൽകി കുട്ടികളുടെ കഴിവുകളും പോരായ്മകളും മനസ്സിലാക്കുന്നതാണ്.

14) ഓ.ആർ. സി. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിൽ ആരോഗ്യ ജീവിത നൈപുണ്യ വിദ്യാഭ്യാസം (Life Skill Education) നടപ്പിലാക്കുന്നതാണ്.

15) സമൂഹത്തിന്റെ വിവിധ തലങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നവരും കുട്ടികളുടെ ക്ഷേമത്തിൽ തൽപരരുമായ വ്യക്തികൾ ഓ. ആർ. സി പദ്ധതിയുമായി ചേർന്ന് പ്രവർത്തിയ്ക്കുന്നു.

സെക്ഷൻ ഓഫീസർ